# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4462 — 17-12-2014 ൽ മറുപടിയ്ക്ക്.

## ജലസംരക്ഷണത്തിനായി നടപടികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.ഹംസ | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | ജലസംരക്ഷണത്തിനായി ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; | (എ) | **ജലസേചന വകുപ്പ്**<br>ജലസംരക്ഷണം ലക്ഷ്യമിട്ട് നദീതട/നീർത്തട അടിസ്ഥാനത്തിൽ കുളങ്ങളുടെ നവീകരണവും സംഭരണ ശേഷി വർദ്ധിപ്പിക്കലും പദ്ധതികൾ നടപ്പിലാക്കി വരുന്നു. "ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി" "കുളം നവീകരണ-പുനരുദ്ധാരണ പദ്ധതി" എന്നീ പദ്ധതികളിലൂടെയാണ് ഇവ നടപ്പിലാക്കിവരുന്നത്. ജലസംരക്ഷണം ലക്ഷ്യമിട്ട് തടയണകളും നിർമ്മിച്ചു വരുന്നു.<br>**ഭൂജല വകുപ്പ്**<br>ഭൂജല സംരക്ഷണത്തിനായി ഭൂജല വകുപ്പ് 'ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും' എന്ന പദ്ധതി പ്രകാരം ഭൂജലവിതാനം കുറഞ്ഞ സ്ഥലങ്ങളിൽ ഭൂജലസംപോഷണം നടത്തിവരുന്നു. തടയണകൾ, അടിയണകൾ, തുറന്ന കിണറുകൾ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കിവരുന്നു.<br>ഇതുകൂടാതെ ഭൂജലത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി 2002 ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് ഫലപ്രദമായി നടപ്പാക്കിവരുന്നു. ഇതിലെ വ്യവസ്ഥകൾ അനുസരിച്ച് ഭൂജല ചൂഷണം കൂടിയതും വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളതുമായ ബ്ലോക്കുകളിലെ കിണറുകൾക്ക് പെർമിറ്റ് ബാധകമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **<u>കേരള വാട്ടർ അതോറിറ്റി</u>**<br>കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുന്ന നദികളിൽ വേനൽക്കാലത്തും ജലലഭ്യത ഉറപ്പു വരുത്തുവാൻ വേണ്ടി തടയണകൾ കെട്ടി സംരക്ഷിക്കുന്നുണ്ട്. കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിന് ജലസ്രോതസ്സുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി കിണർ, ഗ്യാലറി, ലീഡിംഗ് ചാനൽ എന്നിവയുടെ ചെളി നീക്കം ചെയ്യുകയും ലീഡിംഗ് ചാനലിന്റെ നീളം കൂട്ടുക, ആഴം വർദ്ധിപ്പിക്കുക തുടങ്ങിയ പ്രവൃത്തികളും ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത കാര്യത്തിനായി നാളിതുവരെ പാലക്കാട് ജില്ലയിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പാലക്കാട് ജില്ലയിൽ ജലസംരക്ഷണത്തിനായി ജലസേചന വകുപ്പ് ഏകദേശം 34.07 കോടി രൂപയും, ഭൂജല വകുപ്പ് 26,23,233/- രൂപയും കേരള വാട്ടർ അതോറിറ്റി 3,49,95,577 രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ നദികളും കുളങ്ങളും വർധിച്ച തോതിൽ മലിനപ്പെട്ട കാര്യം ശ്രദ്ധയിലുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സി.ഡബ്ല്യൂ.ആർ.ഡി.എം കോഴിക്കോട് കേരളത്തിലെ നദികളിലെ മലിനീകരണ പരിശോധന നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ഡി) | ഏറ്റവും കൂടുതൽ കുളങ്ങൾ മലിനപ്പെട്ടത് പാലക്കാട് ജില്ലയിലാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ മലിനീകരണം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അതിനായി എത്ര തുക ചെലവഴിച്ചു? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ